# സ്വസ്തി

തത്തുകൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2026 ജനുവരി - ഫെബ്രുവരി

## ഉയിർപ്പിന്റെ ഉണർവിൽ





Baptism
01.02.2026

## Luke
## Manual Vipin

**S/o Vipin Francis &**
**Twinkle Vipin**
**Kannamparambil house**



*Congratulations*

*Wedding*

## Jiffin
## &
## Aleena Antony Kurisinkal

**26.01.2026**



# സ്വസ്തി

2026 ജനുവരി– ഫെബ്രുവരി

രക്ഷാധികാരി
**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തെക്കിവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, ജിനി ബാറ്റൺ,**
**ഷാൾട്ടൻ കൊറയ, ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി.**
(സഹവികാരി)

**കെ.ജെ. ബെനഡിക്ട്**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)



## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
കരുതലിന്റെ കീർത്തനം
അല്പം പേർഷ്യാക്കാര്യം
പ്രാർഥന ഗീതം – വി.യൗസേപ്പ്
വിലാപത്തിന്റെ സംഗീതം
ആരോഗ്യരംഗം
ഇടവക വാർത്തകൾ

---

Layout : **L.F. Press, Manjummel**
Cover Design : **Fr. Albin Thomas OCD**

എഡിറ്റോറിയൽ





# ആരെ തെരഞ്ഞെടുക്കണം

രണ്ടു പേർ, പ്രാർഥനയുടെ ബലത്തിൽ അവർ വിജയങ്ങൾ കൈവരിക്കുന്നു അവരതു തുറന്നു പറയുന്നു. പ്രതിസന്ധികളാണ് അവരെ പ്രാർഥനയോടു അടുപ്പിച്ചത്. എന്നാൽ അവരുടെ പ്രാർത്ഥനയെ അവമതിപ്പോടെ നോക്കുന്ന ഒരു ലോകം വിനാശത്തിന്റെ കുഴലൂതി സ്വയം ശ്വാസം കിട്ടാതുഴലുന്നു. ശ്രീജ, സഞ്ജു രണ്ടും തലസ്ഥാന ജില്ലക്കാർ, തിരുവനന്തപുരം അതിരൂപതാംഗങ്ങൾ. അവർ സ്വന്തമാക്കിയ ഉന്നത നേട്ടങ്ങൾ അത്ഭുതാവഹങ്ങളാണ്.

സാധാരണ ലത്തീൻ കത്തോലിക്കാ കുടുംബങ്ങളിൽ നിന്നും വരുന്ന ഇവരിൽ ശ്രീജ അഖിലേന്ത്യ സിവിൽ സർവീസിൽ അൻപത്തിയേഴാം റാങ്ക് നേടി ഇന്ത്യൻ ഫോറിൻ സർവീസ് അംഗമാവുന്നു. ഇന്ത്യയുടെ നയതന്ത്രത്തിൽ ഒരു പങ്ക് ഇനി ശ്രീജയുടെയുമാണ്. സഞ്ജു സാംസൺ ക്രിക്കറ്റ് ജ്യോതിഷികളുടെ പ്രവചനങ്ങൾ തകർത്തു മികച്ച വിജയം നേടി ഇന്ത്യയെ ട്വന്റി ട്വന്റി ലോകകപ്പിന് അർഹമാക്കി മത്സരത്തിലെ പ്ലേയർ ഓഫ് ദ സീസൺ പട്ടം സ്വന്തമാക്കുന്നു. കഠിനാദ്ധ്വാനം, ദൈവഭക്തി.. ഇത് രണ്ടുമായിരുന്നു കൈമുതൽ എന്ന് ഇരുവരും സമ്മതിക്കുന്നു. ലോകം അസൂയപ്പെടുന്ന നേട്ടങ്ങളിലേക്കു ദൈവം അവരെ കൈപിടിച്ചുയർത്തുന്നത് നമ്മുടെ കുഞ്ഞുങ്ങൾക്കും മാതൃകയാണ്. അല്പം വിദ്യാഭ്യാസം നേടിയാൽ ദൈവത്തെ നിഷേധിക്കുന്ന അൽപ ബുദ്ധികളെ കണ്ടു പഠിക്കാതെ സന്മാതൃകകളെ ദൈവം നമുക്ക് മുന്നിൽ പ്രത്യക്ഷമാക്കുന്നു.

പ്രതിസന്ധികളിൽ തളരാതെ മുന്നേറാൻ ഇവരെ സഹായിച്ചത് വിപദിധൈര്യമാണ്. Resilience ആണ് തങ്ങളുടെ ആശ്രയം എന്ന് ഇരുവരും അഭിമുഖങ്ങളിൽ വെളിപ്പെടുത്തി. പ്രതിസന്ധികളിൽ ലോകത്തെ ആശ്രയിക്കണോ  ദൈവത്തെ ആശ്രയിക്കണോ.. ഈ ചോദ്യങ്ങളിൽ ഇവർ ഉചിതമായതു തെരഞ്ഞെടുത്തു. ജപമാലയാണ് തന്റെ ആയുധം എന്ന് ശ്രീജ വെളിപ്പെടുത്തിയപ്പോൾ, ആകാശത്തിലേക്കു നോക്കി കുരിശു വരച്ചാണ് സഞ്ജു തന്റെ വിശ്വാസം പ്രകടമാക്കിയത്. നമുക്കും നല്ല ഭാഗം തെരഞ്ഞെടുക്കാം... വിജയം നേടാം.

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ



# ഇടയമൊഴി



**ഓ**രോ നോമ്പുകാലവും യഥാർഥവും ഫലം തരുന്നതുമാണ്. അത് കൈവരണമെങ്കിൽ നോമ്പാചരണം എന്നത് ഒരു അനുഷ്ഠാനമെന്നതിലുപരി മാനസാന്തരത്തിലേക്കും ദൈവത്തിലേക്കും അവിടുത്തെ സ്നേഹത്തിലേക്കുമുള്ള ഒരു തിരിച്ചുപോക്കായി മാറണം.


വി. പൗലോസ് അപ്പസ്തോലൻ 2 കൊറി 5:20ൽ ഇപ്രകാരം പറയുന്നു: ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ എന്ന്. അതെ, ഇതു തന്നെയാണ് നോമ്പുകാലത്തിന്റെ യഥാർത്ഥ ധ്വനി, ദൈവവുമായി രമ്യതയിൽ ആകുക എന്നുള്ളത്.

നമ്മുടെ ജീവിതം ദൈവസ്നേഹത്തിന്റെ അത്ഭുതമായ ഇടപെടലുകൾക്കുള്ള നന്ദി പ്രകടനമായി മാറാൻ നോമ്പുകാലം നമ്മെ ഒരുക്കുന്നു. ദൈവം നന്മയിൽ സമ്പന്നനും കാരുണ്യവാനും പാപവിമോചനം നൽകാൻ എപ്പോഴും സന്നദ്ധനുമാണ്. കുരിശുകളുടെയും പരിത്യാഗത്തിന്റെയും വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ഓർക്കുക, നോമ്പ് നമുക്ക് നൽകുന്നത് സത്യമായും ഉത്ഥാനത്തിന്റെ പ്രതീക്ഷയാണ്. മറ്റുള്ളവരുടെ ദുരിതങ്ങൾ നമ്മെ മുറിപ്പെടുത്തുകയും നിസ്സഹായതയുടെ അനുഭവങ്ങൾ നമ്മിൽ ആഴത്തിലുള്ള വേദനയുളവാക്കുകയും ചെയ്യുമ്പോൾ നാം യഥാർത്ഥ ഈസ്റ്റർ അനുഭവത്തിലേക്കുള്ള വഴിയിലാണ്. ആയതിനാൽ നോമ്പാചരണംവഴി നമുക്ക് കൈവന്ന ദൈവകൃപ വ്യർത്ഥമാക്കാതിരിക്കാൻ പരിശ്രമിക്കാം. സഹിഷ്ണുതയുടെ ഈ നോമ്പുകാലം സദ്വാർത്തയുടെ സാക്ഷ്യമാവട്ടെ.

എല്ലാവർക്കും ഈസ്റ്റർ ആശംസകൾ......!

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**
വികാരി





# ഉയിർപ്പിന്റെ ആനന്ദം

ഉയിർപ്പിന്റെ ആനന്ദം ദൈവത്തെ സ്നേഹിക്കുന്നവർക്കാണ്. വിദൂരത്തുള്ള ഒരു ശക്തിയല്ല ദൈവം, മറിച്ച് കൂടെയിരിക്കുന്ന കൂട്ടുകാരനെപ്പോലെ ഒരു നല്ല സുഹൃത്തായിരിക്കണം.

പത്രോസിനെപ്പോലെ നാം ഒരുനാൾ തള്ളി പറഞ്ഞാലും, അവന്റെ സ്നേഹത്തിന്റെ നോട്ടത്തിൽ അനുതപിച്ച് ഹൃദയം തകർന്ന് സത്യസന്ധമായി മടങ്ങിവരാനുള്ള വിനയം നമുക്ക് ഉണ്ടാവണം. മഗ്ദലേന മറിയത്തെപ്പോലെ പാപഭാരമുള്ള ഭൂതകാലമുണ്ടെങ്കിലും ദൈവം എന്നെ സ്നേഹിക്കുന്നു എന്ന തിരിച്ചറിവിൽ നന്ദിയോടെ നിൽക്കാൻ നമുക്കാവണം.

ഉത്ഥിതനായ ക്രിസ്തുവിനെ അനുഭവിക്കുന്നവർക്ക് ഒരു പ്രത്യേക മനസ്സ് ഉണ്ടാകും. ഉത്ഥിതനെ കാണാനുള്ള ആകാംക്ഷ. ഈസ്റ്റർ ദിനത്തിൽ മാത്രമല്ല, എന്നും ഉത്ഥിതനെ കാണാനുള്ള ത്വരയോടെ ഓടുന്ന പുലരിയുടെ മനസ്സുണ്ടാവണം.

എല്ലാവർക്കും ഈസ്റ്റർ ആശംസകൾ!

സ്നേഹത്തോടെ,

**ആൽബിനച്ചൻ**

സഹവികാരി

# കരുതലിന്റെ കീർത്തനം



**കേ**രളത്തിലെ തീരപ്രദേശങ്ങളിൽനിന്നും ഉച്ചസ്ഥായിയിലുള്ള ദേവാസ്ത് ഗീതങ്ങളുടെ ആലാപനം ഒഴുകിവരുന്ന കാലമാണിത്. വലിയ നോമ്പുകാലരാത്രികളുടെ നിശ്ശബ്ദതയിലൂടെ ആ ഗീതങ്ങൾ നാടുമുഴുവൻ പരന്നിരുന്നു. ഭയഭക്തികളോടെയാണ് ആ ഗീതങ്ങളെ, ദേവാസ്ത് വിളിയെ ആളുകൾ ശ്രവിക്കുന്നത്.

ദൈവ കൂദാശയാകുന്ന ശുദ്ധമാന കുർബാനയ്ക്കും ഉത്ഭവ ദോഷമെന്നിയെ ജനിക്കപ്പെട്ട കന്നി മറിയത്തിന്റെ ദിവ്യമായ ജനനത്തിനു സ്തുതിയും വാഴും പുകഴുമാകട്ടെ... എന്നിങ്ങനെയാണ് ദേവാസ്ത് വിളി തുടരുന്നത്.

നാല്പതുനോമ്പാരംഭിക്കുന്ന വിഭൂതി ബുധനാഴ്ച ക്രൈസ്തവ അനുഷ്ഠാന കലാരൂപമായ ദേവാസ്ത് വിളി ആരംഭിക്കുന്നു. ദേവാസ്ത വിളി, ദേവാസ് വിളി, ദേവാസ വിളി എന്നൊക്കെ ഈ പ്രാർത്ഥന ഗീതം അറിയപ്പെടുന്നു. ചവിട്ടുനാടകം പോലെ പോർച്ചുഗീസ് മലയാള പാരമ്പര്യമാണ് ഇതിനുമുള്ളത്. എന്നാൽ പോർച്ചുഗീസുകാർ വരുന്നതിനു മുമ്പുതന്നെ ദേവാസ്ത് വിളിയുടെ പ്രാഗ്രൂപം കേരളത്തിലുണ്ടായതായും പറയപ്പെടുന്നു. ദേവാസ്ത് വിളിക്കുന്നത് പ്രധാനമായും ലത്തീൻ കത്തോലിക്കരാണ്.16-ാം നൂറ്റാണ്ടിൽ ദേവാസ്ത് വിളി ആരംഭിച്ചുവെന്ന് കരുതുന്നു. അക്കാലത്ത് കൊച്ചിയിൽ വെച്ച് വി. ഫ്രാൻസീസ് സേവ്യർ

ദേവാസ്ത് രചിച്ചു എന്നാണ് വിശ്വാസം! ഭക്തി എന്ന വാക്കിന്റെ പോർച്ചുഗീസ് ഭാഷയിലെ തത്തുല്യ പദമാണ് "ദേവോസാം" (Devoção) എന്നത്. ഈ വാക്കിൽ നിന്നും 'ദേവോതേ' (Devotão) എന്ന രൂപവും ഈ പദത്തിൽ നിന്നും മലയാളത്തിൽ 'ദേവാസ' 'ദേവാസ്ത', 'ദേവോസ', എന്നിങ്ങനെയുള്ള രൂപങ്ങളും ഉണ്ടായി. നശിപ്പിക്കുക, ഒഴിപ്പിക്കുക എന്നർത്ഥം വരുന്ന പോർച്ചുഗീസ് പ്രയോഗം കൂടിയാണിത്. ദൈവനാമത്തിൽ ദുഷ്ടാരൂപികളിൽ നിന്നും വിടുതൽ നൽകുന്ന ഒരു പ്രാർത്ഥനയായിട്ടാണ് ദേവാസ്ത് വിളിയെ പൊതുവെ കരുതുന്നത്.

പണ്ട്കാലത്ത് ആൾപാർപ്പില്ലാത്തതോ ദുഷ്ടാത്മാക്കളുടെ ശല്യമുള്ള തായി കരുതുന്ന പറമ്പുകളിലൊ പൈശാചിക ബാധയുള്ളതെന്നു കരുതുന്ന വീടുകളിലൊ ആയിരുന്നു ദേവാസ്ത് വിളി നടന്നിരുന്നത്. എന്നാൽ ഇപ്പോൾ സാധാരണ വീടുകളിലും പള്ളികളിലും ദേവാസ്ത് വിളിക്കുന്നു.

ആ കാലങ്ങളിൽ രാത്രി വളരെ വൈകിയാണ് ദേവാസ്ത് ഗീതം ആലപിച്ചിരുന്നത്. മിക്കവാറും അർദ്ധരാത്രികളിൽ തന്നെ. ഇത് ഒരുപക്ഷെ, പൈശാചികശക്തികൾ ഇറങ്ങുന്നുവെന്നു കരുതുന്ന ഒരു സമയവു മാണല്ലൊ. എത്ര ദൂരെയാണെങ്കിലും നടന്നുപോയി തന്നെയാണ് ദേവസ്ത് വിളിച്ചിരുന്നത്. ദേവാസ്ത് വിളിക്കാൻ പോകുമ്പോഴും വിളിച്ച് തിരികെ വരുമ്പോഴും സംസാരിക്കുകയോ പുറകിലേക്ക് തിരിഞ്ഞ് നോക്കുകയോ ചെയ്യില്ല. അങ്ങിനെചെയ്താൽ പൈശാചികശക്തികൾ ദേവാസ്ത് വിളിയെ തടസ്സപ്പെടുത്തുകയോ വിളിക്കാരെ ഉപദ്രവിക്കുമെന്നോ കരുതിയിരുന്നു. നിബന്ധനകൾ ലഘൂകരിച്ചെങ്കിലും നോമ്പു ദിനങ്ങൾക്ക് കരുത്തും കരുതലുമാണ് ഈ കീർത്തനം.





# അൽപം പേർഷ്യാക്കാര്യം

**ആ**ണവയുദ്ധ ഭീതിയുടെ ആശങ്കകൾ ഒഴിഞ്ഞ ആകാശത്ത് ശാന്തിയുടെ വെള്ളരിപ്രാവുകൾ പറക്കട്ടെ! നമുക്കിനി ഇറാനെ കുറിച്ച്സംസാരിക്കാം.ആര്യന്മാരുടെ ജന്മദേശം എന്നാണത്രേ ഇറാൻ എന്ന പദം ഉദ്ദേശിക്കുന്നത്. ഇറാൻ എന്നാൽ പണ്ടത്തെ പേർഷ്യയാണ്.

ബൈബിളിൽ ദിനവൃത്താന്തത്തിലും എസ്രാ നെഹമിയ എന്ന പുസ്തകങ്ങളിലും പറയപ്പെടുന്ന അതേ പേർഷ്യ !പേർഷ്യയിലെ രാജാവായ സൈറസിനെ കുറിച്ച് പഴയ നിയമത്തിൽ പല പുസ്തകങ്ങളിലും പരാമർശം ഉണ്ട്. സ്വരാഷ്ട്രിയൻ മതമായിരുന്നു ആ നാട്ടിൽ പ്രബലം.

ക്രിസ്തുവർഷം 630-ലാണ് ഈ പ്രദേശം അറബികളുടെ അധീനതയിൽ ആയത്. തുടർന്ന് സ്വരാഷ്ട്രീയ മതക്കാർക്ക് അവിടെ നിന്നും പലായനം ചെയ്യേണ്ടി വന്നു.അവരിൽ ഭൂരിഭാഗം പേർക്കും ഭാരതത്തിലെ വിവിധ നാട്ടുരാജ്യങ്ങൾ അഭയം നൽകി.ഗുജറാത്തിലാണ് ഇവരിൽ അധികംപേരും തമ്പടിച്ചത്.പേർഷ്യയിൽ നിന്നും വന്ന സ്വരാഷ്ട്രിയൻ മതത്തെ ഭാരതീയർ പാഴ്സി മതം എന്ന് വിളിച്ചു.

'ടാറ്റ കുടുംബം' ഇന്ത്യൻ ആണവ പദ്ധതിയുടെ പിതാവ് ഹോമി ജെ ഭാഭ, ബോളിവുഡ് നടൻ ബൊമൻ ഇറാനി, മഹാത്മജിയുടെ ശിഷ്യനും കോൺഗ്രസ് എം പി യും മാധ്യമപ്രവർത്തകനുമായിരുന്ന ഫിറോസ് ഗന്ധി തുടങ്ങിയവർ ഇന്ത്യയിലെ പ്രശസ്തരായ പാഴ്സി മതവിശ്വാസികളാണ്.

കേരളത്തിൽ നിന്നും ആദ്യകാലങ്ങളിൽ മധ്യപൂർവദേശത്ത് പോയിരുന്നവർ ചെന്നുപെട്ടത് പേർഷ്യയിലായിരുന്നു. ഗൾഫിൽ നിന്നും എത്തുന്നവരെ പേർഷ്യാക്കാർ എന്നാണല്ലോ ഒരു കാലത്ത് നമ്മൾ വിളിച്ചിരുന്നത്.

ആധുനിക കാലത്ത് ഇറാൻ ഭരിച്ചിരുന്നത് ഷാ കുടുംബങ്ങൾ ആയിരുന്നു. ഷാ കുടുംബത്തിന് കീഴിൽ ഇറാൻ വ്യാവസായികമായും കലാപരമായും മറ്റു സാങ്കേതിക രംഗങ്ങളിലും എന്നു മാത്രമല്ല ആണവോർജ ഗവേഷണത്തിലും ഏറെ പുരോഗതി നേടി! ഈ വളർച്ച സൃഷ്ടിച്ച തൊഴിൽ അവസരങ്ങൾ തേടിയാണ് പേർഷ്യയിലേക്ക് മലയാളികൾ പോയി തുടങ്ങിയത്. ഇറാനിൽ നിന്നുള്ള സിനിമകൾ ലോകപ്രശസ്തങ്ങൾ ആയതു ഷാ ഭരണകാലത്താണ്.

അമേരിക്കയുമായി ചങ്ങാത്തം പുലർത്തിയ ഭരണകൂടത്തെ മത നേതാവ് ആയത്തുള്ള ഖുമയിനിയുടെ നേതൃത്വത്തിൽ അട്ടിമറിച്ചത് 1979 ലാണ്. ഷാ പരമ്പരയിലെ അവസാന ഭരണാധികാരി ഷാ റസാ പഹ്ലവി അർബുദത്തെ തുടർന്ന് ചികിത്സയിൽ ശ്രദ്ധ കേന്ദ്രീകരിച്ച അവസരം നോക്കിയാണ് സ്ഥാനഭ്രഷ്ടനാക്കിയത്. നാടുവിട്ടോടിയ അദ്ദേഹം egyptse മിലിട്ടറി ആശുപത്രിയിൽ മരണമടഞ്ഞു.

ഇന്ത്യയുമായി സൗഹൃദം തുടരുന്ന രാജ്യമാണ് ഇറാൻ, 2001 ൽ രൂപം നൽകിയ ടെഹ്റാൻ കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള വാണിജ്യ വിദ്യാഭ്യാസ തല ബന്ധങ്ങൾ ഊഷ്മളമാക്കി.

രാജ്യാന്തര ആണവ കരാറിൽ നിന്നും പിൻമാറും എന്ന ഭീഷണിയും ഇറാൻ ഉയർത്തിയിരുന്നു. ആണവ ശക്തി ആയുധ നിർമാണത്തിന് ഉപയോഗിക്കില്ലെന്നതാണ് കരാറിന്റെ മുഖ്യലക്ഷ്യം. എന്നാൽ ആണവശക്തി വർധിപ്പിക്കാനുള്ള യുറേനിയം സമ്പുഷ്ടീകരണം ഇറാനിൽ നടക്കുന്നതായി വിവിധ തലങ്ങളിൽ പരാതി ഉയർന്നിട്ടുണ്ട്. രാജ്യാന്തര ആണവ ഏജൻസി ഇറാനെ കുറ്റപ്പെടുത്തിയിരുന്നു.

ഇതിനിടെ കഴിഞ്ഞ വർഷം 2025 ഇറാനിലുണ്ടായ ഭൂകമ്പം ആണവ പരീക്ഷണമായിരുന്നോ എന്ന് ലോക സമൂഹം സംശയം ഉണർത്തിയിട്ടുണ്ട്. ഇറാന്റെ ആണവ പരീക്ഷണ കേന്ദ്രങ്ങൾ തകർത്തെന്ന ആശ്വാസത്തോടെ യാണ് അമേരിക്ക പറഞ്ഞപോലെ ഇസ്രായേൽ വെടി നിർത്തലിന് തയാറായത്. എന്നാൽ ആഴ്ചകൾക്കകം അവ പൂർവസ്ഥിതിയിലാകും എന്ന് അമേരിക്കൻ പ്രതിരോധ ആസ്ഥാനമായ പെന്റഗൺ പറയുന്നു.

ഇറാന്റെ തെക്കു ഭാഗത്തുള്ള ഹോർമുസ് കടലിടുക്ക് അഥവാ straits of Hormus അടച്ചിട്ടിരിക്കുകയാണ്.. ആഗോള ഇന്ധന ഇടപാടിന്റെ 40 ശതമാനവും നടക്കുന്ന ഈ ഇടനാഴി തടസ്സപ്പെട്ടതിനാൽ ലോകത്തിലെ ഒട്ടുമിക്ക രാഷ്ട്രങ്ങളും ഇന്ധന പ്രതിസന്ധിയിലാണ്. അറബിക്കടലും

പ്രാർഥനാ ഗീതം

# വി. യൗസേഫ്പിതാവ്



സൂസി സാംസൺ, ഏർണാട്ട്



യേശു നാഥന്റെ പ്രിയ താതനെ
നീതിമാനാകുന്ന യൗസേപ്പിതാവേ,
ആഗോള സഭയുടെ മധ്യസ്ഥനെ
വാഴുക ഞങ്ങൾ തൻ മാനസത്തിൽ
(യേശുനാഥന്റെ പ്രിയതാതനെ....)

കൈകളിലേന്തുമീ പൊന്നുണ്ണിയെ,
ലോകത്തിൻ രക്ഷകനായവനെ
തിരുക്കുടുംബത്തിന്റെ കാവലാളായ്
പരിശുദ്ധ മറിയത്തിൻ നൽപാതിയായ്
(യേശുനാഥന്റെ പ്രിയതാതനെ....)

തൊഴിലാളി മക്കൾ തൻ മധ്യസ്ഥൻ നീ
പരിശുദ്ധാത്മാവിന്റെ അരുളപ്പാടാൽ
എന്നും കന്യയാം മേരിക്ക് തുണയായവൻ
പാരിന്റെ പാപങ്ങൾ നീക്കുന്ന ഈശോതൻ
സൽപിതാവേയങ്ങേ നമിച്ചിടുന്നു.

---

ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭാഗമായ ഒമാൻ കടലും പേർഷ്യൻ ഗൾഫും ചേരുന്ന ജലപാതയാണിത്.

ഈ മേഖലയിലെ ഏതു പ്രതിസന്ധിയും ഭക്ഷ്യവസ്തുക്കളുടെ വില ഉൾപ്പെടെ കുതിച്ചുയരാനിടയാക്കും എന്നതാണ് ഹോർമൂസിന്റെ പ്രാധാന്യം. മധ്യപൗരസ്ത്യ മേഖലയിലെ യുദ്ധത്തിന് ഇടവേള നൽകി പശ്ചിമേഷ്യൻ പോരിന്റെ തിരക്കിലാണ് ഇസ്രയേൽ, അമ്മമാരും കുഞ്ഞുങ്ങളും ഉൾപ്പെടുന്ന നിഷ്ക്കളങ്ക ജനതയുടെ സഹനത്തിനു മുന്നിൽ ഒരു സൈനിക വിജയവും കേമത്തമല്ല എന്ന് ലെയോ 14-ാമൻ മാർപാപ്പ ലോകരാഷ്ട്രങ്ങളോട് മുഖത്തു നോക്കി പറയുന്നു; നമുക്കും പ്രാർഥിക്കാം കുഞ്ഞുങ്ങളുടെ കണ്ണീർ വീഴാത്ത ഭൂമിക്കായി.' ●

# വിലാപത്തിന്റെ സംഗീതം

*ഒത്തപോലെ ഒറ്റി കള്ളൻ, മുത്തി നിന്നെ കാട്ടിയപ്പോൾ*
*ഉത്തമനാം നിന്നെ നീചർ പിടിച്ചോ പുത്ര!*



ലളിത ഭാഷയിൽ ഒറ്റുകാരനായ യൂദാസിനെക്കുറിച്ചു പുത്തൻ പാനയിൽ വർണിക്കുന്ന ഭാഗമാണിത്.



അർണോസ് പാതിരിയാണ് പുത്തൻ പാന രചിച്ചത്. ബഹുഭാഷാ പണ്ഡിതനും മലയാളസംസ്കൃത ഭാഷകളിൽ നിപുണനുമായ ജൊഹാൻ ഏണെസ്റ്റ് ഹാങ്ക്സ്ലെഡിൻ (Johann Ernst Hanxleden) എന്ന ജർമനിക്കാരനായ ഈശോസഭാ സന്യാസിയെ തൃശൂരുകാർ വിളിച്ച പേരാണ് അർണോസ് പാതിരി. അദ്ദേഹം, വൈദികാർത്ഥിയായിരിക്കെ 1699–ൽ കേരളത്തിലെത്തി. വൈദികപട്ടം സ്വീകരിച്ചശേഷം ശിഷ്ടായുസ്സ് തൃശൂരിനടുത്തുള്ള അമ്പഴക്കാട്, വേലൂർ, പഴയൂർ, പഴുവ് എന്നീ സ്ഥലങ്ങളിലായി ചിലവഴിച്ചു. സംസ്കൃത പണ്ഡിതന്മാരുടെ സഹായത്തോടെ അദ്ദേഹം മലയാളവും സംസ്കൃതവും പഠിച്ച് പ്രാവീണ്യം നേടി. പൂന്താനം നമ്പൂതിരി ജ്ഞാനപ്പാന രചിച്ചപ്പോൾ അത് പിന്തുടർന്ന് സംസ്കൃതം, മലയാളം ഭാഷകൾ ഹൃദിസ്ഥമാക്കി. കേരള ക്രൈസ്തവരുടെ ആദ്ധ്യാത്മികതയുമായി ഇഴുകി ചേർന്ന ഒരു ഗാനകാവ്യമാണ് പുത്തൻപാന ചരിത്രകാരന്മാർ പറയുന്നു. 1500–ൽ പരം വരികളിലായി, പതിനാലു പാദങ്ങളിലായി എഴുതപ്പെട്ട ഈ കൃതിയിൽ ലോകസൃഷ്ടി മുതൽ മിശിഹായുടെ ജനനമരണങ്ങൾ വരെ പ്രതിപാദിച്ചിരിക്കുന്നു.

ശങ്കരൻ, കൃഷ്ണൻ എന്നീ ഭാഷാവിദഗ്ധരാണ് പഠനം പൂർത്തിയാക്കാൻ അദ്ദേഹത്തെ സഹായിച്ചത്.

അർണോസ് പാതിരി പുത്തൻ പാന എഴുതിയത് ജ്ഞാനപ്പാന യുടെ രീതിയിലായിരുന്നു ഭാഷ പഠിതാക്കളും അഭിപ്രായപ്പെടുന്നു. പുത്തൻപാനയുടെ ഏറ്റം പ്രധാന ഭാഗം 10,11,12 പാദങ്ങളാണ്. പെസഹാ വ്യാഴാഴ്ച രാത്രിയിലും ദു:ഖവെള്ളിയാഴ്ച രാവിലെയും ഇവ പാടുന്ന പതിവ് തലമുറകളായി നിലവിൽ നിൽക്കുന്നു. ശവസംസ്കാരത്തിന്റെ തലേ രാത്രിയിൽ പാന വായിക്കുന്ന പതിവുണ്ട്.

## മൊഴിമുത്ത്

വിശുദ്ധ സ്വർഗത്തിൽ നിന്ന് അങ്ങയുടെ മഹത്വത്തിന്റെ സിംഹാസനത്തിൽ നിന്ന്, ജ്ഞാനത്തെ അയച്ചു തരണമേ. അവൾ എന്നോടൊത്തു വസിക്കുകയും അധ്വാനിക്കുകയും ചെയ്യട്ടെ! അങ്ങനെ അങ്ങയുടെ ഹിതം ഞാൻ മനസിലാക്കട്ടെ!' ജ്ഞാനം 9:10

## കാർട്ടൂൺ




**ഇഷ്ടപ്പെട്ട പ്രാർത്ഥനയോ?**
**അന്നന്നു വേണ്ടുന്ന ആഹാരം ഇന്ന് ഞങ്ങൾക്ക് തരണമേ.**

# ആരോഗ്യ രംഗം – ജീവിത ശൈലീരോഗങ്ങൾ

രോഗാണുക്കൾ മൂലമല്ലാതെ നമ്മുടെ ജീവിതത്തിന്റെ ശൈലി മൂലം നമ്മൾക്കുണ്ടാവുന്ന ആരോഗ്യപരമായ ബുദ്ധിമുട്ടുകളെ ജീവിതശൈലീ രോഗങ്ങൾ (Non Communicable Diseases - NCD) എന്നു പറയാം. അതിൽ പ്രധാനമായും താഴെപ്പറയുന്നവയാണ്.

1. പ്രമേഹം (Diabetes Mellitus)
2. ഹൃദ്രോഗങ്ങൾ (Heart Diseases)
3. ഉയർന്ന രക്തസമ്മർദ്ദം (രക്താതിമർദ്ദം – (Hypertension)
4. സന്ധിരോഗങ്ങൾ (Osteo Arthritis)
5. പക്ഷാഘാതം (Stroke)
6. വൃക്ക രോഗങ്ങൾ (Chronic Kidney Diseases)
7. അർബുദ രോഗങ്ങൾ (Cancers)
8. ശ്വാസകോശ രോഗങ്ങൾ (Chronic Lung Diseases)

## ജീവിതശൈലീ രോഗങ്ങളിലേക്ക് നയിക്കുന്ന ഘടകങ്ങൾ

- അമിത ഭക്ഷണം
- കൊഴുപ്പിന്റെയും എണ്ണയുടെയും അമിത ഉപയോഗം
- കടുത്ത മാനസിക സംഘർഷം
- വ്യായാമക്കുറവ്
- പുകയിലയുടെ ഉപയോഗം
- അമിതവണ്ണം
- മദ്യപാനം
- മയക്കുമരുന്നിന്റെ ഉപയോഗം
- കൊളസ്ട്രോൾ അസന്തുലിതാവസ്ഥ
- ഇലവർഗങ്ങളുടെയും, പച്ചക്കറികളുടെയും പഴവർഗങ്ങളുടെയും കുറഞ്ഞ ഉപയോഗം





ദൈവകരുണയുടെ ഛായാ ചിത്രം
മഞ്ഞുമ്മൽ ഇടവകയിൽ വികാരിയച്ചൻ ഏറ്റുവാങ്ങിയപ്പോൾ



വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിവ്യബലിയിൽ നിന്ന്


സന്യാസവ്രതത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന
ബഹു. വികാരിയച്ചന്
മഞ്ഞുമ്മൽ ഇടവകയുടെ പ്രാർത്ഥനാശംസകൾ!


കൊച്ചച്ചന് പിറന്നാൾ
ആശംസകൾ





നാൽപതുമണിക്കൂർ ആരാധന



ഇടവകയിൽ നടത്തിയ ദമ്പതി സംഗമത്തിൽ നിന്ന്



ക്രിസ്തുരാജ തിരുനാൾ റാലിയിൽ നിന്ന്



അൽമായർക്കും അമ്മമാർക്കും നടത്തിയ ക്ലാസ്സിൽ നിന്ന്

# ഇടവക ദമ്പതി സംഗമം



ഫെബ്രുവരി 8-ാം തീയതി ദമ്പതീസംഗമം നടത്തി. പ്രശസ്ത കുടുംബ ശുശ്രൂഷ ധ്യാനപ്രഭാഷകനായ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ ആണ് ഈ ദമ്പതി സംഗമത്തെ നയിക്കാം എന്നേറ്റിരുന്നത്. എന്നാൽ അപ്രതീക്ഷിത കാരണങ്ങളാൽ അദ്ദേഹത്തിന് എത്താൻ സാധിച്ചില്ല. തുടർന്ന്, ബഹുമാനപ്പെട്ട വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. ഈ ദമ്പതി സംഗമത്തെ നയിച്ചു. കൂടാതെ അസിസ്റ്റന്റ് വികാരി ആൽബിൻ തോമസ് ഒ.സി.ഡി.യും സംസാരിച്ചു. 260-ൽ പരം ദമ്പതിമാർ ഉൾപ്പെടെ 560 ഓളം പേർ ഇതിൽ പങ്കെടുത്തു. കേന്ദ്രസമിതി ലീഡർ കെ.ജെ. ബെനഡിക്ട് സ്വാഗതവും കുടുംബ ശുശ്രൂഷ കോഡിനേറ്റർ ഫ്രാൻസിസ് ഡിക്രൂസ് നന്ദിയും പറഞ്ഞു. ഇതിൽ പങ്കെടുത്ത എല്ലാദമ്പതിമാർക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു.



# സന്ന്യാസവ്രത രജത ജൂബിലി ആഘോഷിച്ചു

വികാരി ഫാ.സ്റ്റീജൻ കണക്കശ്ശേരി ഒസിഡിയുടെ സന്ന്യാസവ്രത രജത ജൂബിലി സമുചിതമായി ആ ഘോഷിച്ചു. ഫെബ്രു. 16 ന് കൃതജ്ഞതാ ദിവ്യബലിയിൽ മഞ്ഞുമ്മൽ കർമലീത്ത ആശ്രമാംഗങ്ങളും ഇടവകാംഗ ങ്ങളും പങ്കുകൊണ്ടു.

# വിഭൂതി ബുധൻ ആചരിച്ചു









ഫെബ്രുവരി 18-ാം തീയതി വിഭൂതി ബുധൻ ആചരിച്ചു. രാവിലെ 6 നും 7.30നും ദിവ്യബലി ഉണ്ടായിരുന്നു.

# ജന്മദിനം ആഘോഷിച്ചു

സഹവികാരി ഫാ. ആൽബിൻ തോമസ് ഒസിഡിയുടെ ജൻമദിനം ആഘോഷിച്ചു. ഫെബ്രു. 25-ന് രാവിലെ ആറിനുള്ള ദിവ്യബലിയിൽ ഫാ. ആൽബിൻ, വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., ഫാ. വിനു ജോസഫ് ഒ.സി.ഡി. എന്നിവർ കാർമികരായി.

# വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ





വിശുദ്ധ യൗസേപ്പിതാവിന്റെ നേർച്ച സദ്യയുടെ പന്തലിന്റെ കാൽ നാട്ടുകർമ്മം മാർച്ച് ഒന്നാം തീയതി രാവിലെ 7.30-നുള്ള ദിവ്യബലിക്ക് ശേഷം ഇടവക വികാരി ഫാദർ സ്റ്റീജൻ കണക്കശ്ശേരി നിർവഹിച്ചു.

## തിരുനാൾ ദിവ്യബലി

2026 മാർച്ച് 19 വ്യാഴാഴ്ച വിശുദ്ധ ഔസേപ്പിതാവിന്റെ തിരുനാൾ നടത്തി. മുഖ്യകാർമികൻ റവ. ഫാ. വിനു ജോസഫ് ഒസിഡി ആയിരുന്നു. റവ. ഫാ.ബോബി സേവ്യർ ഒസിഡി, ദിവ്യബലി മധ്യേ പ്രസംഗം നടത്തി. ഇടവക വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒസിഡി, സഹവികാരി റവ. ഫാ. ആൽബിൻ തോമസ് ഒ സി ഡി, റവ. ഫാ. കെ.ആർ. ആന്റണി ഒസിഡി എന്നിവർ സഹകാർമികത്വം വഹിച്ചു. ശേഷം

### തിരഞ്ഞെടുത്തു



*വിശുദ്ധ ഔസേപ്പിതാവിന്റെ നേർച്ച സദ്യ യോടനുബന്ധിച്ച് തിരുകുടുംബമായി തിരഞ്ഞെടുക്കപ്പെട്ട ഏയ്ഞ്ചൽ ഗബ്രിയേൽ സി കുടുംബ യൂണിറ്റിലെ കളത്തിപറമ്പിൽ റിജോ & ജുവാൻ റിജോ മകൻ സെബാസ്റ്റ്യൻ റിജോ കുടുംബത്തിന് അഭിനന്ദനങ്ങൾ.....!*

തിരുകുടുംബത്തെ ആദരിക്കുകയും വിശുദ്ധ യൗസേപ്പിതാവിന്റെ തിരുസ്വരൂപം വഹിച്ചു കൊണ്ടുള്ള പ്രദക്ഷിണം നടത്തുകയും ചെയ്തു. അതിനുശേഷം നേർച്ചസദ്യ ആശീർവദിച്ച് തിരുകുടുംബത്തിന് നൽകുകയും, നേർച്ച ആരംഭിക്കുകയും ചെയ്തു. ഏകദേശം 6000-ത്തോളം പേർ സദ്യയ്ക്ക് എത്തിച്ചേർന്നു.








# അഭിനന്ദനങ്ങൾ...!




കുറ്റിക്കാപറമ്പിൽ ജൂഡ് സൈമൺ ഡിക്കോത്തയുടെ ഭാര്യ ടെൽമ ഡിക്കോത്ത. 2026 ജനുവരി 28 മുതൽ ഫെബ്രുവരി ഒന്നു വരെ തിരുവനന്തപുരത്ത് വച്ച് നടന്ന 46-ാമത് ദേശീയ മാസ്റ്റേഴ്സ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് 100 മീറ്റർ, 200 മീറ്റർ ഓട്ടത്തിൽ സിൽവർ മെഡലും ലോങ്ങ് ജമ്പ്, 4 x 100 മീറ്റർ റിലേയിൽ ഗോൾഡ് മെഡലും കരസ്ഥമാക്കി. അമലോത്ഭവമാതാ കുടുംബയൂണിറ്റ് അംഗമാണ്.

# മഞ്ഞുമ്മൽ ഇടവക അൽമായ കർമലീത്ത സഭ ഭാരവാഹികൾ

**ഭാരവാഹികളായി താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു**

| | |
|---|---|
| പ്രസിഡന്റ് | **സിൽവി ഫ്രാൻസിസ് മാത്തിപറമ്പിൽ** |
| ഫസ്റ്റ് കൗൺസിലർ | **ഫിലോമിന ജോഷി അമ്പലത്തും പറമ്പിൽ** |
| സെക്കന്റ് കൗൺസിലർ | **ഫിലോമിന ഹെൻറി മാത്തിപറമ്പിൽ** |
| തേർഡ് കൗൺസിലർ & രൂപീകരണ മേധാവി | **മേഴ്സി ആന്റണി തൈപ്പറമ്പിൽ** |
| സെക്രട്ടറി | **ജിമ്മി സ്റ്റാൻലി വയലിത്തറ** |
| ട്രഷറർ | **ഷൈനി ടൈറ്റസ്** |

# വനിതാ ദിനം ആഘോഷിച്ചു

മാർച്ച് എട്ട് ഞായറാഴ്ച ഒൻപത് മണിയുടെ ദിവ്യബലിക്കു ശേഷം മാതൃവേദി വനിതാ ദിനം ആഘോഷിച്ചു.വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി അസി. വികാരി ഫാ. ആൽബിൻ തോമസ് OCD, കേന്ദ്രസമിതി ലീഡർ ബെനഡിക്ട് കോതേത്ത് എന്നിവർ പങ്കെടുത്തു.

# ദൈവകരുണയുടെ ഛായാചിത്രം ഏറ്റുവാങ്ങി



ഡിവിനാ മിസ്റിക്കോർഡിയ ഇന്റർനാഷണൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ദൈവ കരുണയുടെ തിരുനാളിനോടനുബന്ധിച്ചു കേരളത്തിലെ 33 രൂപതകളിലൂടെ നടത്തുന്ന ദൈവകരുണയുടെ ഛായാചിത്ര പ്രയാണം നമ്മുടെ ഇടവകയിലും എത്തിച്ചേർന്നു. വരാപ്പുഴ അതിരൂപതയിൽ തിരഞ്ഞെടുക്കപ്പെട്ട ദേവാലയങ്ങളിൽ ഒന്ന് നമ്മുടെ ഇടവകയാണ്. മാർച്ച് 13-ന് വൈകുന്നേരം 5 മണിക്ക് ഈ യാത്ര നമ്മുടെ ദേവാലയത്തിൽ എത്തി. മുത്തുക്കുടകൾ ഏന്തി ഇടവക ജനങ്ങളും, ദർശന സമൂഹാംഗങ്ങളും അൾത്താര ബാലകരും അവരുടെ ഔദ്യോഗിക വസ്ത്ര മണിഞ്ഞും കരുണയുടെ ഈശോയുടെ ചിത്രം വരവേൽക്കാൻ അണി നിരന്നു. ബഹുമാനപ്പെട്ട ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി OCD ഛായാചിത്രം ഏറ്റുവാങ്ങി.

## നാൽപ്പതുമണിക്കൂർ ആരാധന നടത്തി





മാർച്ച് 20-ാം തീയതി 7 മണിയുടെ ദിവ്യബലിയോടുകൂടി മഞ്ഞുമ്മൽ ആശ്രമ ദേവാലയത്തിലെ 130-ാമത് നാൽപ്പതുമണിക്കൂർ ആരാധനയ്ക്ക്

തുടക്കമായി. റവ. ഫാ. ആന്റണി പൊൻവേലിൽ ഒ.സി.ഡി. മുഖ്യകാർമിക നായിരുന്നു. ഇടവക വികാരി റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., സഹവികാരി റവ. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി., റവ. ഫാ. ബോബി സേവ്യർ ഒ.സി.ഡി., റവ. ഫാ. ആന്റണി മഠത്തിപ്പറമ്പിൽ ഒ.സി.ഡി. എന്നി വർ സഹകാർമികത്വം വഹിച്ചു. ദിവ്യബലിക്കു ശേഷം ദിവ്യകാരുണ്യ പ്രദ ക്ഷിണവും തുടർന്ന്, അലങ്കരിച്ച പീഠത്തിന്മേൽ ദിവ്യകാരുണ്യം പൊതുആരാധനയ്ക്കായി എഴുന്നള്ളിച്ചുവച്ചു. 21–ാം തീയതി ശനിയാഴ്ച 7.00 മണിക്ക് റവ.ഫാ. സക്കറിയാസ് പാവനത്തറ മുഖ്യകാർമികനായ ആഘോഷമായ ദിവ്യബലിക്ക് ശേഷം ദിവ്യകാരുണ്യം ആരാധനയ്ക്കായി എഴുന്നള്ളിച്ച് വച്ചു. വൈകിട്ട് പൊതു ആരാധനയ്ക്ക് ഫാ. സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ നേതൃത്വം നല്കി. ഫാ. സേവ്യർ പാപ്പാളിയിൽ ഒ.സി.ഡി. സമാപനാശീർവാദം നല്കി. 23 ശനി രാവിലെ 7.00 മണിക്ക് പ്രൊവിൻഷ്യാൾ വെരി റവ. ഫാ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡി. മുഖ്യ കാർമികനായ ആഘോ ഷമായ ദിവ്യബലിക്ക് ശേഷം ദിവ്യകാരുണ്യആരാധനയ്ക്കായി എഴുന്ന ള്ളിച്ചുവച്ചു. വൈകീട്ട് 5 മണിയുടെ പൊതുആരാധനയ്ക്ക് ഫാ. ജോർജ് കടപ്പുറത്ത് തയ്യിൽ ഒ.സി.ഡി. നേതൃത്വം നല്കി. വെരി റവ.ഫാ. എബിജിൻ അറയ്ക്കൽ സമാപനാശിർവാദം നല്കികൊണ്ട് 40 മണിക്കൂർ ആരാധനയ്ക്ക് സമാപനം കുറിച്ചു.

# ക്ലാസ്സ് സംഘടിപ്പിച്ചു



മാർച്ച് പതിനഞ്ച് ഞായറാഴ്ച ഒൻപത് മണിയുടെ ദിവ്യബലിക്കു ശേഷം ഇടവക യിലെ അൽമാന അംഗങ്ങൾക്കും അമ്മമാർക്കു മായി മാതൃവേദി യൂണിറ്റിന്റെ നേതൃത്വത്തിൽ കുടുംബജീവിതത്തിന്റെ വെല്ലുവിളികൾ എന്ന വിഷയത്തെ കുറിച്ച് ഒരു ക്ലാസ്സ് സംഘടിപ്പിച്ചു. ഫാമിലി കൗൺസിലർ ശ്രീമതി ഡാലിയ റോസ് ക്ലാസ് നയിച്ചു. അല്മായ കോഡിനേറ്റർ ശ്രീ ബിനു കണക്കംപറമ്പിൽ, മാതൃ വേദി പ്രസിഡന്റ് ഫിലോമിന ജോഷി എന്നിവർ ആശംസകൾ അർപ്പിച്ചു. മാതൃവേദി ട്രഷറർ റീന ബെനഡിക്ട് സ്വാഗതവും സെക്രട്ടറി സിൽവി ഫ്രാൻസിസ് നന്ദിയും പറഞ്ഞു. വൈസ് പ്രസിഡന്റ് സിനി ഗിൽബർട്ട്, ജോയിന്റ് സെക്രട്ടറി ജിമ്മി സ്റ്റാൻലി എന്നിവരും മാതൃവേദി അംഗങ്ങളും ഇതിൽ പങ്കെടുത്തു.

# വിശുദ്ധവാര തിരുക്കർമ്മങ്ങൾ

## 2026 മാർച്ച് 29 ഓശാന ഞായർ

രാവിലെ 5.45ന് : **കുരുത്തോല വെഞ്ചിരിപ്പ്, പ്രദക്ഷിണം**
(സെന്റ് ജോസഫ്സ് ആശുപത്രിയിൽ നിന്നും)

തുടർന്ന് **ദിവ്യബലി**

രാവിലെ 8.00ന് : **ദിവ്യബലി**

രാവിലെ 9.30ന് : **ദിവ്യബലി**

വൈകിട്ട് 5.30ന് : **കുരിശിന്റെ വഴി ആരംഭിച്ച്** വൈകിട്ട് 6.30ന് ദേവാലയത്തിൽ എത്തിച്ചേരുന്നു.

### കുരിശിന്റെ വഴി ആരംഭിക്കേണ്ട സ്ഥലങ്ങൾ

**ബ്ലോക്ക് 1, 2, 6**: FM കോൺവെന്റ്

**ബ്ലോക്ക് 3, 4** : ഫാത്തിമ ദേവാലയം

**ബ്ലോക്ക് 5, 8** : ചേരാനെല്ലൂർ കടവ്

**ബ്ലോക്ക് 7, 9** : ഗോഡൗൺ ജംഗ്ഷൻ

## 2026 ഏപ്രിൽ 2 പെസഹാവ്യാഴം

രാവിലെ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതല്ല

വൈകീട്ട് 6ന് : **തിരുവത്താഴബലി, പാദക്ഷാളനകർമ്മം**

: **ആരാധന** (രാത്രി 12 മണി വരെ)

## 2026 ഏപ്രിൽ 3 ദു:ഖവെള്ളി

## *ഉപവാസ ദിനം*

രാവിലെ 7.00ന് : **കുരിശിന്റെ വഴി** (ദേവാലയത്തിൽ നിന്ന് ആരംഭിക്കുന്നു).

N.B. ദു:ഖവെള്ളിയാഴ്ച കുരിശിന്റെ വഴിക്ക് എല്ലാവരും കുരിശ് കൊണ്ടുവരണം. വലിയ ശനി രാത്രി ജാഗരണപൂജയ്ക്ക് തിരി കൊണ്ടുവരേണ്ടതാണ്.

വൈകീട്ട് 3.30ന് : **ദൈവവചന പ്രഘോഷണം**
**കുരിശാരാധന,**
**ദിവ്യകാരുണ്യ സ്വീകരണം**

തുടർന്ന് : **നഗരി കാണിക്കൽ, തിരുസ്വരൂപചുംബനം**

രാത്രി 10.30ന് : **കബറടക്കം**

## 2026 ഏപ്രിൽ 4 വലിയ ശനി

രാവിലെ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതല്ല

രാത്രി 10.30ന് : **തീ, തിരി, വെള്ളം വെഞ്ചിരിപ്പ്,**
**ജ്ഞാനസ്നാന വ്രത നവീകരണം,**
**പെസഹാ പ്രഘോഷണം,**
**ദിവ്യബലി, പ്രദക്ഷിണം**

## 2026 ഏപ്രിൽ 5 ഉയിർപ്പ് ഞായർ

രാവിലെ 7.00നും 9.00നും : **ദിവ്യബലി**

# പെസഹാ വ്യാഴം ആരാധന സമയം

7.45- 8.15 : **ജോർദ്ദാൻ ബ്ലോക്ക്** : കർമ്മലമാതാ, സെന്റ് ജോൺ ഓഫ് ദി ക്രോസ്, സെന്റ് പോൾ, ഫാത്തിമ മാതാ

8.15-8.45 : **എമ്മാവൂസ് ബ്ലോക്ക്** : മേയ, വേളാങ്കണ്ണി മാതാ, ഹോളി സ്പിരിറ്റ്, നിത്യസഹായമാതാ, സെന്റ് ജോസഫ് JNM

8.45 -9.15 : **കാനാ ബ്ലോക്ക്** : നല്ലിടയൻ A & B, സെന്റ് മേരീസ്, ലിറ്റിൽ ഫ്ളവർ A & B, ഷാരോൺ

9.15-9.45 : **ശാലോം ബ്ലോക്ക്** : മേരി മാതാ A & B, എയ്ഞ്ചൽ ഗബ്രിയേൽ A, B & C, സെന്റ് ആന്റണി B, സെന്റ് ജോസഫ് മാടപ്പാട്ട്, സെന്റ് വിൻസെന്റ് ഡി.പോൾ

9.45-10.15 : **ബെത്സെയ്ദ ബ്ലോക്ക്** : സെന്റ് സെബാസ്റ്റ്യൻ A,B&C, ഹോളി ഫാമിലി A & B, ആരാധന A & B, ഡോൺ ബോസ്ക്കോ

10.15-10.45 : **നസ്രത്ത് ബ്ലോക്ക്** : വിമലാംബിക-A, മരിയാംബിക, നിർമ്മലാംബിക A & B, ലൂർദ്ദ് മാതാ

10.45-11.10 : **ബഥനി ബ്ലോക്ക്** : ഡോമിനിക് സാവിയോ, സെന്റ് ജൂഡ്, അമലോത്ഭവ മാതാ, സേക്രട്ട് ഹാർട്ട്, ക്രൈസ്റ്റ്

11.10-11.35 : **ബത്‌ലെഹേം ബ്ലോക്ക്** : സെന്റ് ജോസഫ് (G.F.), അമലാംബിക, മദർ തെരേസ, പത്താം പീയൂസ്, വിമലാംബിക - B

11.35-12.00 : **ജെറുസലേം ബ്ലോക്ക്** : സെന്റ് ആന്റണി -A, ക്രൈസ്റ്റ് ദി കിംഗ് - A, ക്രൈസ്റ്റ് ദി കിംഗ് -B, കാർമ്മൽ A & B, എയ്ഞ്ചൽ

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ

# തിരുബാലസഖ്യ റാലി

ഫെബ്രുവരി 8-ാം തീയതി തിരുബാല സഖ്യദിനം ആഘോഷിച്ചു. രാവിലെ 7.30ന് ദിവ്യബലിക്ക് തിരുബാല സഖ്യത്തിലെ കുട്ടികൾ നേതൃത്വം നൽകി. തുടർന്ന് ആഘോഷമായ തിരുബാലസഖ്യ റാലി നടത്തി.





തിരുബാലസഖ്യത്തിന് ഈ വർഷം മുടങ്ങാതെ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികൾ കൊച്ചച്ചനോടൊപ്പം.



## നവാതിഥികൾ

1) **എൽസ മറിയം ആന്റണി**
   D/o കുളങ്ങര ആന്റണി രാജു & ലിനറ്റ് ജോസഫ്
2) **അന്ന തെരേസ ക്ലാരീസ്**
   D/o വേലശ്ശേരി നിജിത്ത് & ഡോൺ മാത്യു
3) **ജോർജിയസ്സ് ലിഡ്ഡ ഓസ്റ്റിൻസ്**
   S/o കൊലിയക്കോട് പുത്തൻവീട് ഓസ്റ്റിൻ യേശുദാസൻ & ജെൽത്രു ടെഫ്ന മിന്റാമോൾ
3) **ലൂക് മാനുവൽ വിപിൻ**
   S/o കണ്ണാംപറമ്പിൽ വിപിൻ ഫ്രാൻസീസ് & ക്ലാര ടിങ്കിൾ
4) **റൂഹ മേരി സിജോയ്**
   D/o നെടുംപുറത്ത് സിജോയ് സാബു & മേരി മിനു മൈക്കിൾ

## ഒന്നായവർ



1) പള്ളത്ത് സച്ചിൻ **ജേക്കബ് വർഗീസ്** &
   ഉഴുന്നുംകാട്ടിൽ **നിലീന തോമസ്**
2) ചക്യാട്ടിൽ **റോജർ ജോസി** &
   മുക്കത്ത് **മെർളിൻ മൈക്കിൾ**
3) ചാലക്കൽ **നിവിൻ ബോബൻ** &
   ഡീൻ ഡെയിൽ **ടീന റെഷീദ്**
4) പള്ളിഞ്ഞാലിൽ **ജിതിൻ ജോസഫ്** &
   പാണംപറമ്പിൽ **നീനു ജോസി**

# നിത്യതയിലേക്ക്



**ജോസഫ് കെ.ജെ.**

കടേപ്പറമ്പിൽ



**ഫിലോമിന ജോൺ**

ചാലോളിൽ

***"ആകയാൽ യേശു കർത്താവാണെന്നു അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും."   (റോമ 10,9)***

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.

# സ്നേഹസ്മരണയ്ക്ക്







**സി.ജെ. ബർണാഡ്**

31.05.1921 - 19.03.2006

**ത്രേസ്യ ബർണാഡ്**

13.04.1932 - 07.07.2013

**കളപ്പുരയ്ക്കൽ, മഞ്ഞുമ്മൽ**





**ട്രീസ ആന്റണി**

മംഗലത്ത്

15.10.1959 - 05.05.2008

**ഫ്രാൻസിസ് ബർണാഡ്**

കളപ്പുരയ്ക്കൽ

05.11.1950 - 28.12.2023


കർമലീത്ത വൈദികർ
നയിക്കുന്ന
ഇന്ത്യയിലെ പ്രഥമ
ധ്യാനകേന്ദ്രമായ
മഞ്ഞുമ്മൽ
CRC യുടെ
നേതൃത്വത്തിൽ
മഞ്ഞുമ്മൽ
സുവിശേഷ
മഹോത്സവം 2026
2026 ഏപ്രിൽ 24
വെള്ളി മുതൽ 28 ചൊവ്വ വരെ
വൈകിട്ട് 3.00 മുതൽ 9.00 വരെ
റവ. ഫാ. റാഫ്സൺ പീറ്റർ
ഒ.സി.ഡി